# സാമൂഹ്യശാസ്ത്രം I

## അധ്യായം 4




1. "ഇന്ത്യയുടെ വാണിജ്യചരിത്രത്തിൽ ഇതുപോലൊരു ദുരിതം കാണാനില്ല. പരുത്തിനെയ്ത്തുകാരുടെ എല്ലുകൾ ഇന്ത്യൻ സമതലങ്ങളെ വെളുപ്പിക്കുന്നു" ഇത് ആരുടെ നിരീക്ഷണമാണ്?

    വില്യം ബെന്റിക് പ്രഭു (1834-35)

2. ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ എന്തൊക്കെയായിരുന്നു?
    - യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു.
    - ബ്രിട്ടനിൽ നിന്ന് കൊണ്ടുവന്ന യന്ത്രനിർമിതമായ തുണികൾക്ക് വില കുറവായിരുന്നു.
    - റെയിൽവേയുടെ വികസനം തുണിത്തരങ്ങൾ എളുപ്പത്തിൽ വിദൂര ഗ്രാമങ്ങളിലെത്തിക്കാനും, ഗ്രാമങ്ങളിലെ പരുത്തി ശേഖരിച്ച് തുറമുഖങ്ങളിലൂടെ ബ്രിട്ടനിലെത്തിക്കാനും കഴിഞ്ഞു.
    - ഇന്ത്യൻ നെയ്ത്തുകാർക്ക് ഗ്രാമങ്ങളിലെ തുണിയുടെ വിപണി നഷ്ടമായി.
    - ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെമേൽ ബ്രിട്ടീഷ് ഗവൺമെന്റ് ഉയർന്ന നികുതി ചുമത്തിയത് ബ്രിട്ടീഷ് വിപണി നഷ്ടപ്പെടാനിടയാക്കി.
    - ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും കാരണം ധാരാളം തൊഴിലാളികൾ നെയ്ത്തുജോലി ഉപേക്ഷിച്ചു.
    - കുറഞ്ഞ വിലയും കുറഞ്ഞ കൂലിയും കാരണം പലരും നെയ്ത്ത് ഉപേക്ഷിച്ച് മറ്റു ജോലികൾ തേടിപ്പോയി.

3. ആധുനിക വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാം?

SP MTDMHSS THONDER

- മണിക്കൂറുകളോളം നീണ്ട ജോലിസമയം
- കുറഞ്ഞ കൂലി
- അനാരോഗ്യകരമായ താമസസൗകര്യങ്ങൾ

**4. ഇന്ത്യയിലെ ഗ്രാമീണ കരകൗശലവ്യവസായങ്ങളുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക?**

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| ◆ മൺപാത്രനിർമാണം | ◆ അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| ◆ തുകൽപ്പണി | ◆ അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി |
| ◆ മരപ്പണി | ◆ ലോഹനിർമ്മിതയന്ത്രങ്ങളുടെ ഉപയോഗം |

**5. ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരായി തൊഴിലാളികൾ നടത്തിയ സമരങ്ങൾ ഏതെല്ലാം?**

➔ ബോംബെയിലെ തുണിമിൽ തൊഴിലാളികളുടെ സമരം

➔ കൽക്കട്ടയിലെ ചണമിൽ തൊഴിലാളികളുടെ സമരം.

**6. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപുറപ്പെട്ടതെവിടെ?**

മീററ്റ്

**7. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?**

- തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ നിന്ന് നേരിട്ട അവഹേളനവും ശിപ്പായിമാരടെ അസംതൃപ്തിക്ക് കാരണമായി.
- സൈനികർക്ക് നൽകിയ എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന പ്രചാരണം .
- മതവികാരം വ്രണപ്പെട്ടത്
- ദത്തവകാശനിരോധന നിയമം
- ദുർഭരണക്കുറ്റം ആരോപിച്ച് നാട്ടുരാജ്യങ്ങളെ പിടിച്ചടക്കിയത്.
- കർഷകർ, കരകൗശലത്തൊഴിലാളികൾ നേരിട്ട ദുരിതങ്ങൾ.

**8. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ ഫലങ്ങൾ എന്തല്ലാം?**

- രാജാക്കന്മാർ, കർഷകർ, കരകൗശലത്തൊഴിലാളികൾ എന്നിവർ കലാപത്തിൽ പങ്കാളികളായി
- ഹിന്ദു-മുസ്ലിം ഐക്യമുണ്ടായി.
- വിവിധ ജനവിഭാഗങ്ങൾക്കിടയിലെ ഐക്യം ശക്തിപ്പെട്ടു.

SPJ MTDMHSS THONDERNAD

- **1857 ലെ കലാപം ബ്രിട്ടീഷ് ഭരണത്തിലും നയത്തിലും വലിയ മാറ്റമുണ്ടാക്കി.**
- **ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു.**

**9. 1857 ലെ കലാപത്തിന്റെ പ്രധാന കേന്ദ്രങ്ങളെയും നേതൃത്വം നൽകിയവരെയും കണ്ടെത്തി പട്ടികപ്പെടുത്തുക?**

| കലാപസ്ഥലം | നേതാക്കന്മാർ |
|---|---|
| ● ഡൽഹി<br>● ഝാൻസി<br>● ലഖ്നൗ<br>● കാൺപൂർ<br>● ഫൈസാബാദ് | ● ബഹദൂർഷ രണ്ടാമൻ<br>● റാണി ലക്ഷ്മീഭായി<br>● ബീഗം ഹസ്രത്ത് മഹൽ<br>● നാനാസാഹേബ്, താന്തിയാതോപ്പി<br>● മൗലവി അഹമ്മദുള്ള |

***തുടർപ്രവർത്തനങ്ങൾ***

**1.ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക.**

**2. 'ബ്രിട്ടീഷ് നയങ്ങൾ കാരണം വിവിധ ജനവിഭാഗങ്ങൾ നേരിട്ട പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഒരു ലേഖനം തയ്യാറാക്കുക.**

**prepared by**
**Shibu p j**
**MTDMHSS THONDERNAD**
**WAYANAD**
**9747585905**

SPJ MTDMHSS THONDERNAD